LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പൂർണ്ണമായും ഇല്ല. സർക്കാർ ഉത്തരവ് (എംഎസ്.) 115/15/പൊ.വി.വ. തീയതി 15-5-2015 പ്രകാരം ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ചും സർക്കാർ ഉത്തരവ് (എം.എസ്.) 116/15/പൊ.വി.വ. തീയതി 15-5-2015 പ്രകാരം 50 കുട്ടികളുള്ള അത്തരം സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ നിയമനം

7 (5071) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽ പ്രൊമോഷന് സ്പെഷ്യൽ റൂൾസിൽ പറയുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) അവയ്ക്ക് വിരുദ്ധമായി കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും എയ്ഡഡ് ഹയർസെക്കന്ററി സ്കൂളിൽ പ്രിൻസിപ്പൽ നിയമനം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത നിയമനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം 9-11-2001-ലെ ജി.ഒ. (പി.)നമ്പർ 331/2001/പൊ.വി.വ. 27-3-2009-ലെ ജി.ഒ. (പി)നമ്പർ 93/2009/പൊ.വി.വ. ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ടി റൂൾസിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ നിയമനം ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്നുള്ള പ്രൊമോഷൻവഴിയും യോഗ്യരായ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും ട്രാൻസ്ഫർ നിയമനംവഴിയും 2:1 അനുപാതത്തിൽ നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തികയിലേക്ക് പരിഗണിക്കുന്നതിനായി ഹയർസെക്കൻഡറി സ്കൂൾ തലത്തിൽ അദ്ധ്യാപന പരിചയമുള്ള എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകർക്കാണ് മുൻഗണനയുള്ളത്. എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം മേൽവിവരിച്ച രണ്ടു രീതികളിൽ നടത്തുന്നതിന് യോഗ്യരായവരുടെ അഭാവത്തിൽ ടി ഒഴിവുകൾ മറ്റ് രീതിയിൽ നികത്താവുന്നതാണ്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തിക ഒരു സെലക്ഷൻ തസ്തികയാണ്. ടി തസ്തികയിലേക്കുള്ള നിയമനം ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. മാനേജർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിയായിരിക്കും ടി കമ്മിറ്റിയുടെ ചെയർമാൻ. ഏതെങ്കിലും കോളേജിലെ മാനേജർ നോമിനേറ്റ് ചെയ്യുന്ന സെലക്ഷൻ ഗ്രേഡ് ലക്ചറർ/റീഡർ/പ്രിൻസിപ്പൽ, മാനേജർ നോമിനേറ്റ് ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ എന്നിവരാണ് സെലക്ഷൻ കമ്മിറ്റിയിൽ അംഗമാകേണ്ടത്. പ്രിൻസിപ്പൽ പ്രൊമോഷന് പരിഗണിക്കാനായി നേരിട്ടുള്ള നിയമനത്തിന് ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം:

1. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികളിൽ നിന്ന് 50%-ൽ കുറയാത്ത മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾ അംഗീകരിച്ച മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ബിരുദാനന്തര ബിരുദം.
2. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി.എഡ് അല്ലെങ്കിൽ കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ബി.എഡ്.
3. ഒരു എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽത്തന്നെയുള്ള ഹയർ സെക്കന്ററി തലത്തിലെ 12 വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം.

മേൽ പ്രസ്താവിച്ച യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഒരു എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽത്തന്നെയുള്ള അംഗീകൃത അദ്ധ്യാപന പരിചയമുള്ള യോഗ്യരായ ഹൈസ്കൂൾ/അപ്പർ പ്രൈമറി/പ്രൈമറി അദ്ധ്യാപകരെയും പരിഗണിക്കും. ടി അദ്ധ്യാപകർക്ക് ഹയർസെക്കന്ററി അദ്ധ്യാപകരായി (ജൂനിയർ/സീനിയർ) 6 വർഷം അദ്ധ്യാപന പരിചയം ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ബൈട്രാൻസ്ഫർ നിയമനം :

ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരിൽനിന്നും ബൈട്രാൻസ്ഫർ രീതിയിൽ പ്രിൻസിപ്പൽ നിയമനം നടത്തുന്നതിനായി മുകളിൽ സൂചിപ്പിച്ച വിദ്യാഭ്യാസ യോഗ്യതകളും ഒരു എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽത്തന്നെയുള്ള 12 വർഷത്തെ അദ്ധ്യാപന പരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റവന്യൂ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ജീവനക്കാരൻ

8 (5072) ശ്രീ. വി. എസ്. സുനിൽ കുമാർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 2007-ൽ റവന്യൂ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതനായ ജീവനക്കാരൻ ഇപ്പോഴും തുടരുന്നുണ്ടോ ; എങ്കിൽ ഏത് നിയമത്തിന്റെ പിൻബലത്തിലാണ് അപ്രകാരം തുടരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 31-5-2015-ന് ശേഷം ഡെപ്യൂട്ടേഷൻ നിയമനങ്ങൾ തുടരാൻ അനുവദിക്കില്ലെന്ന ഉത്തരവ് നിലനിൽക്കെ പ്രസ്തുത ജീവനക്കാരന്റെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകുന്നതിനും പുതിയ തസ്തിക സൃഷ്ടിച്ച് സീനിയോറിറ്റി മറികടന്ന് നിയമിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ ; ഇത് സംബന്ധിച്ച ഫയൽ നമ്പർ 23208/ഗി3/2015-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) മേൽപ്പറഞ്ഞ ജീവനക്കാരന് ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് നൽകുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ടോ ; റവന്യൂ വകുപ്പ്, ഫിനാൻസ് വകുപ്പ് എന്നിവയിൽനിന്നും ആയതിന് സമ്മതപത്രം ലഭ്യമായിട്ടുണ്ടോ ;

(ഡി) മേൽപ്പറഞ്ഞ ജീവനക്കാരൻ കൈകാര്യം ചെയ്യുവരുന്ന കരിയർ ഗൈഡൻസ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുമായി ബന്ധപ്പെട്ട എ.ജി.യുടെ ആഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ജീവനക്കാരന് ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനും ടിയാനെ കരിയർ ഗൈഡൻസ് സെക്ഷനിൽത്തന്നെ ഉയർന്ന തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനും തീരുമാനമെടുക്കുന്നത്, പി.എസ്.സി.